**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **08-12-2022 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു ഭാഷ തുടർ പഠനത്തിന് അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പത്താം തരം വരെ ഉറുദു ഒന്നാം ഭാഷയായി പഠിച്ച വിദ്യാർത്ഥികൾക്ക് ഹയർ സെക്കണ്ടറി തലത്തിൽ ഉറുദു ഭാഷ തുടർ പഠനത്തിന് വേണ്ടത്ര അവസരം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹയർ സെക്കന്ററി തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഉർദു ഭാഷ പഠനത്തിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. |
| (ബി) | എങ്കിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉറുദു തുടർ പഠനത്തിനായി അവസരം ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഹയർ സെക്കന്ററി തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഉർദു ഭാഷ പഠനത്തിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. |
| (സി) | കോഴിക്കോട്, തലശ്ശേരി ഗവ. ട്രെയിനിംഗ് കോളേജുകളിൽ ഉറുദു ബി.എഡ് കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) | ഉർദു ബി.എഡ് കോഴ്സ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കേണ്ടത് സർവ്വകലാശാലകളും ഉന്നത വിദ്യാഭ്യാസ വകുപ്പുമാണ്. |
| (ഡി) | ഹയർ സെക്കണ്ടറി വിഭാഗത്തിലെ ജൂനിയർ ഉറുദു അധ്യാപകർക്ക് 5 വർഷം സർവ്വീസ് പൂർത്തീകരിച്ചാലും സീനിയർ ആനുകൂല്യം നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ഡി) | എച്ച്.എസ്.എസ്.ടി തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കാണ് സീനിയോറിറ്റി പ്രകാരം ജൂനിയർ അധ്യാപകനെ സീനിയർ ആനുകൂല്യം നൽകി നിയമിക്കുന്നത്. |
| (ഇ) | 5 വർഷം പൂർത്തിയായ പ്രസ്തുത അധ്യാപകർക്ക് സീനിയർ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ; | (ഇ) | എച്ച്.എസ്.എസ്.ടി തസ്തികകളിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കാണ് സീനിയോറിറ്റി പ്രകാരം ജൂനിയർ അധ്യാപകനെ സീനിയർ ആനുകൂല്യം നൽകി നിയമിക്കുന്നത്. |
| (എഫ്) | ലോവർപ്രൈമറി തലം മുതൽ പല ഭാഷകൾക്കും ഭാഷാ പഠനത്തിന് അവസരമുണ്ടെന്നിരിക്കെ ഉറുദുഭാഷാ പഠനത്തിനും ലോവർ പ്രൈമറി തലം മുതൽ അവസരം ഒരുക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ? | (എഫ്) | ലോവർപ്രൈമറി തലത്തിൽ മാതൃഭാഷ, ഇംഗ്ലീഷ്, അറബിക് എന്നീ ഭാഷകൾ പഠിക്കാനുള്ള അവസരം നിലവിലുണ്ട്. ഈ ഘട്ടത്തിൽ എത്ര ഭാഷകൾ വരെ ആകാം എന്ന വിഷയത്തിൽ കൂടുതൽ പഠനം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ